# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമണ്ണ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ എസ് എ /കെ കെ ഡി/പി1-1659/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമണ്ണ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ കെ ഡി/പി1-1659/2021 തീയ്യതി: 10/12/2021

## കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 26-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഹരി.കെ.പി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷൈന.എ്.കെ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അജിത.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സാദിഖ് മഹ്ദൂം | സെക്രട്ടറി | 01-04-2019 | 05-06-2019 |
| ശ്രീ.ബിനു.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2019 | 23-07-2019 |
| ശ്രീമതി.രാധിക എൻ.ആർ | സെക്രട്ടറി | 24-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനു.ടി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അശ്വിൻദാസ് | അസി.എഞ്ചിനീയർ | 01-04-2019 | 23-12-2019 |
| ശ്രീമതി അർച്ചന | അസി.എഞ്ചിനീയർ | 24-12-2019 | 05-03-2020 |
| ശ്രീമതി .ദിവ്യ എ എസ് | അസി.എഞ്ചിനീയർ | 06-03-2020 | 31-03-2020 |
| ശ്രീമതി അനിതാഭായി | കൃഷി ഓഫീസർ | 01-04-2019 | 07-05-2019 |
| ശ്രീ.ലജി എസ് പെരേര | കൃഷി ഓഫീസർ | 08-05-2019 | 12-02-2020 |
| ശ്രീ രാമദാസ് | കൃഷി ഓഫീസർ | 13-02-2020 | 31-03-2020 |
| ശ്രീ വിനയൻ സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-05-2019 |
| ശ്രീമതി സിംലി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ജിജി ഗോവിന്ദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-09-2019 | 31-03-2020 |
| ഡോ മഞ്ജുഷ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ഗ്രേസി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-05-2019 |
| ഡോ ഷെറിൻ ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-06-2019 | 31-03-2020 |
| ഡോ ഷീബ കെ.ജെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 08-05-2019 |
| ഡോ വ്രജേഷ് പി| | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 09-05-2019 | 31-03-2020 |
| ഡോ റുമൈസ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി നസ്രീന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശോഭന കെ | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് വ്യതിയാനങ്ങൾ- പുതുക്കാത്തതും ,വ്യതിയാനവും സംബന്ധിച്ച്<br>Written By: Hari. K.P (Audit Officer (HG), On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: T.K.Latha (Senior Grade Auditor, On 18-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: T.K.Latha (Senior Grade Auditor, On 18-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-4 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക -അപാകത<br>Written By: T.K.Latha (Senior Grade Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Latha (Senior Grade Auditor, On 18-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-8 |
| 10 | വാർഷിക കണക്ക് - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-9 |
| 11 | നികുതിപിരിവ് ഔട്ട്ഡോർ കലക്ഷൻ കാര്യക്ഷമമല്ല<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-10 |
| 12 | പഞ്ചായത്തിന്റെ ആസ്തിയും, കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ ആസ്തിയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Hari. K.P (Audit Officer (HG), On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-11 |
| 13 | പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-12 |
| 14 | 2008 ലെ തണ്ണീർതട സംരക്ഷണ നിയമം പാലിക്കാതെ വാണിജ്യകെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു<br>Written By: T.K.Latha (Senior Grade Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-13 |
| 15 | ഭിന്നശേഷി/അങ്കണവാടി കലോൽസവങ്ങൾ -കൃത്രിമ രേഖകൾ ചമച്ച് തുക പിൻവലിച്ചു.<br>Written By: RAMDAS M. (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-14 |
| 16 | മോട്ടോർ സ്ഥാപിക്കൽ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചില്ല<br>Written By: RAMDAS M. (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 08-12-2021) | 1-15 |
| 17 | 5 വർഷ ഗ്യാരന്റിയോടുകൂടി റോഡ് പ്രവർത്തി ഏറ്റെടുത്തില്ല<br>Written By: Afsal T.M (Auditor, On 26-11-2021)<br>Last Updated By: T.K.Latha (Senior Grade Auditor, On 27-11-2021) | 1-16 |
| 18 | ഓവർ ഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കുംനൽകുന്നു - പഞ്ചായത്തിന് നഷ്ടം<br>Written By: Afsal T.M (Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-17 |
| 19 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-18 |

| | | |
|---|---|---|
| | Written By: RAMDAS M. (Asst. Audit Officer, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | |
| 20 | ബഡ്സ് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം-സ്വകാര്യ കടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-19 |
| 21 | മെറ്റീരിയൽ വില -പ്രാദേശിക വിലയുമായി താരതമ്യപ്പെടുത്താതെ കരാറുകാരിൽ നിന്ന് വാങ്ങുന്നത് വഴിഅധിക ചെലവ്<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-20 |
| 22 | ആശ്രയ പദ്ധതിഫണ്ട് വിനിയോഗിക്കാതെ സൂക്ഷിക്കുന്നു<br>Written By: Shyna A.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 1-21 |
| **ഭാഗം 2** | | |
| 1 | പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ഭിന്നശേഷി/അങ്കണവാടി കലോൽസവങ്ങൾ -കൃത്രിമ രേഖകൾ ചമച്ച് തുക പിൻവലിച്ചു.<br>Written By: RAMDAS M. (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 18-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 18-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 18-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 21-11-2021)<br>Last Updated By: Vasudevan M (Deputy Director, On 09-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് വ്യതിയാനങ്ങൾ- പുതുക്കാത്തതും ,വ്യതിയാനവും സംബന്ധിച്ച്

2019-20 വർഷത്തേക്ക് തയ്യാറാക്കിയ ബജറ്റിൽ വകയിരുത്തിയ തുകയിൽ കൂടുതലോ, കുറവോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററായി ബജറ്റ് തയ്യാറാക്കുകയോ ചെയ്യാതെ തുക ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 (5)പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ / സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച പാസ്സാക്കേണ്ടതാണ് . എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ് /ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചിട്ടില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 1101001 വസ്തു നികുതി | 6500000 | 5400000 | 4934942 |
| 2 | 1102001 തൊഴിൽ നികുതി | 1600000 | 1800000 | 1667100 |
| 3 | 140 | 1950000 | 1521607 | 1377236 |
| 4 | 160 | 81000000 | 2500000 | 15015620(I-14d-കാണുക) |
| 5 | 3305002 (KURDFC Loan) | ---- | 2650000 | 2650000 |
| 6 | 240 | 554600 | 410000 | 6768 |

2020-21 വർഷത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ 2019-20 വർഷത്തെ ബജറ്റ് പുതുക്കിയിട്ടുണ്ട്. ആ സമയത്തും വസ്തു നികുതി,തൊഴിൽ നികുതി ഇനത്തിൽ എത്ര തുക വരുമാനമുണ്ടാകും എന്ന് ഒരു ധാരണ ഗ്രാമപഞ്ചായത്തിന് ഉണ്ടാകും ,എന്നാൽ ഇതിൽ നിന്നും വിഭിന്നമായി വൻതുകയാണ് പുതുക്കിയ ബജറ്റിൽ ഈ ഇനത്തിൽ കാണിച്ചിട്ടുള്ളത്.

സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ വലിയ തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. റിവൈസ്ഡ് ബഡ്ജറ്റിൽ ഒറിജനൽ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ 32% കുറവ് ചെയ്തിട്ടും, അതിലും കുറവാണ് യഥാർത്ഥ ചെലവ് തുക .അതായത് 8.5 കോടി വകയിരുത്തി ,2.5 കോടിയായി പുതുക്കിയെങ്കിലും 1.5 കോടിയാണ് ചെലവ് വന്നിട്ടുള്ളത്. ഇത്തരത്തിൽ യഥാർഥ്യത്തിന് നിരക്കാത്ത അവാസ്തവമായ രീതിയിൽ തുക വകയിരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തൻവർഷം 26.5 ലക്ഷം വരവുണ്ട്. എന്നാൽ ബജറ്റിൽ ഈ തുക ഉൾകൊള്ളിച്ചിട്ടില്ല. കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 16.08.20 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8500982 |
| വരവ് | 67550495 |
| ആകെ | 76051477 |
| ചെലവ് | 66796624 |
| നീക്കിയിരിപ്പ് | 9254853 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 13708824 | 13708824 | 12213152 | 1495672 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 5907000 | 5907000 | 4784501 | 1122499 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 5788000 | 5788000 | 1198335 | 4589665 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3923000 | 3923000 | 1579121 | 2343879 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 10625619 | 10625619 | 6005729 | 4619890 |
| ദുരിതാശ്വാസനിധി | | 30878 | 1235 | 32113 | 0 | 32113 |
| എം.ജി.എൻ.ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി | | 16895805 | 16895805 | 16895805 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2692 | 1401001 | 1403693 | 1006988 | 396705 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ശുചിത്വമിഷൻ | | 16294460 | 0 | 16294460 | 1007373 | 622087 |
| അനുപൂരക പോഷകാഹാരം | | 1768485 | 1182734 | 2951219 | 2011792 | 939427 |
| എം.പി.ഫണ്ട് | | 38256 | 1901925 | 1940451 | 1900765 | 40064 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| വിമുക്തി | | 35855 | 0 | 35855 | 26016 | 9839 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 410000 | 2395000 | 2805000 | 2290552 | 514448 |
| | ജില്ലാ പഞ്ചായത്ത് | 1440783 | 1050000 | 2490783 | 2490783 | |
| ബി ഫണ്ട് തൊഴിൽരഹിത വേതനം | | | 30120 | 30120 | 30120 | |
| വിധവകളുടെപെൺമക്കളുടെ വിവാഹധനസഹായം | | | 180000 | 180000 | 180000 | |
| | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 342065 | 14010365 | 14352430 | 12465901 | 1886529 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1985086 | 14637117 | 16622203 | 13543428 | 3078775 |
| | ട്രഷറി അക്കൗണ്ട് | 202061 | 462157 | 664218 | 0 | 664218 |
| ബഡ്സ് സ്കൂൾ ഫണ്ട് | | 463060 | 147158 | 610218 | 384222 | 225996 |

തൊഴിൽ നികുതിയിനത്തിൽ വരവ് 55744/- രൂപ പ്രസ്തുത അക്കൗണ്ടിൽ നീക്കിബാക്കിയുണ്ട്.

**1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക -അപാകത**

2019 -20 വർഷത്തെ വാർഷിക കണക്ക് , ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും ചെലവിലും,നീക്കിബാക്കിയിലും വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ കാണിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, | | ചെലവ്/ നീക്കിബാക്കി |
|---|---|---|---|---|---|
| | ചെലവ് | നീക്കിബാക്കി | ചെലവ് | നീക്കിബാക്കി | വ്യത്യാസം |
| വികസന ഫണ്ട് (ജനറൽ) | 12213152 | 1495672 | 12904328 | 804496 | 691176 |

കുറിപ്പ് - ജിയോ പ്രോജക്ട് പ്രകാരം KURDFC ലോൺ തുക ( 691176/-) തിരിച്ചടവ്

**1-5 പദ്ധതി അവലോകനം**

തൻവർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പദ്ധതിയുടെ വിവരം താഴെക്കൊടുക്കുന്നു.

| | |
|---|---|
| അംഗീകാരം ലഭിച്ചത് | 156 |
| പദ്ധതി അടങ്കൽ | 73776215 |
| നടപ്പാക്കിയ പദ്ധതി | 120 |
| പദ്ധതി ചെലവ് | 43609369 |
| ശതമാനം | 59.11 |

| ഫണ്ടിനം | വകയിരുത്തിയത് | ബജറ്റ് അലോട്ട്മെന്റ് | യഥാർത്ഥത്തിൽ ലഭ്യമായ അലോട്ട്മെന്റ് (എ.സി.ആർ. പ്രകാരം) | 2-3 |
|---|---|---|---|---|
| പ്ലാൻ ഫണ്ട് (ജനറൽ) | 14868088 | 13900000 | 13708824 | 968088 |
| പ്ലാൻ ഫണ്ട് (എസ് സിപി) | 6048401 | 5907000 | 5907000 | 141401 |
| സി എഫ് സി | 10882300 | 10623000 | 10625619 | 259300 |
| മെയിൻറനൻസ് ഗ്രാൻഡ്(റോഡ്) | 5788000 | 5788000 | 5788000 | |
| മെയിൻറനൻസ് ഗ്രാൻഡ്(നോൺ റോഡ്) | 4423000 | 3923000 | 3923000 | 500000 |
| ആകെ | 42009789 | 40141000 | 39952443 | 1868789 |

വാർഷിക പദ്ധതിയിൽ (സ്പിൽ ഓവർ പദ്ധതികൾക്കുൾപ്പെടെ) തൻവർഷം ലഭ്യമാകുമായിരുന്ന അലോട്ട്മെന്റിനേക്കാൾ 1868789 രൂപ ഉപരിയായി വകയിരുത്തി.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ അങ്കണവാടി കലോൽസവം എന്ന പ്രോജക്ടിൽ കൃത്രിമരേഖകൾ ചമച്ച് പണം പിൻവലിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിലും പണം ചെലവഴിക്കുന്ന കാര്യത്തിലും ഭരണസമിതിയുടെ ശ്രദ്ധ കാര്യക്ഷമമാക്കേണ്ടതിലേക്കാണ് ഇത് സൂചന നൽകുന്നത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2692 | 1401001 | 1403693 | 1006988 | 396705 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16895805 | 16895805 | 16895805 | |
| | | 18296805 | 18299498 | 17902793 | 396705 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30120 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 1256400 | 66 |
| വിധവാപെൻഷൻ | 4293000 | 340 |
| വാർദ്ധക്യകാലപെൻഷൻ | 7334100 | 1188 |
| | | |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1180600 | 2351 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 401400 | 358 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന25.11.2012 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20198/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 വാർഷിക കണക്ക് - അപാകതകൾ

2019 – 20 വർഷത്തെ വാർഷിക കണക്ക് , എ.സി.ആർ. അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. എ.സി.ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ

ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

5.സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം തൻ വർഷം വസ്തുനികുതി ഇളവ് അനുവദിച്ചിട്ടുണ്ട് എന്നാൽ ഈയിനത്തിലുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. RP – 40(B),യിൽ താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ നടക്കുന്നില്ല.

1.എം.എൻ ലക്ഷം വീട് എസ്.ബി.ഐ പെരുമണ്ണ (അക്കൗണ്ട് നമ്പർ -67154377804)

2.SAND എസ്.ബി.ഐ പെരുമണ്ണ (അക്കൗണ്ട് നമ്പർ -671543356307)

3.SSA എസ്.ബി.ഐ പെരുമണ്ണ (അക്കൗണ്ട് നമ്പർ -67154376074)
മേൽ അക്കൗണ്ടുകളിൽ തുടരേണ്ടാത്തവ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7. RP – 36 പ്രകാരം മുൻക്കൂർ വരവുള്ള തുകകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8.ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേക്ക് RP-29 പ്രകാരം 3000/-രൂപ വരവുണ്ട് എന്നാൽ പ്രസ്തുത അക്കൗണ്ടിൽ വരവ് വെയ്ക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വെച്ചു.

9.I-6 പ്രകാരം ക്ഷേമ പെൻഷൻ ഇനത്തിലെ വികലാംഗപെൻഷൻ ₹1,80,600/-ഉം,വാർദ്ധ്യകകാല പെൻഷൻ ₹73,34,100/-ആണ്.എന്നാൽ I-14(D)യിൽ വികലാംഗപെൻഷൻ 8514700/-രൂപ (₹1,80,600+₹73,34,100) ഒരേ ഹെഡിൽ വകയിരുത്തിയതിന് കാരണം വ്യക്തമല്ല.

10.എം.എൻ.ആർ.ഇ.ജി.എ -യുടെ വരുമാനമായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ₹1,51,12,733/- എന്നാൽ എം.എൻ.ആർ.ഇ.ജി.എ. യുടെ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം വരുമാനം ₹1,82,96,805/- ആണ്. ₹3184072/- രൂപയുടെ വ്യത്യാസമുണ്ട്.

അപാകതകൾ ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/2019-20/ 25.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ പൂർത്തികരിച്ച് ബാങ്ക് അക്കൗണ്ടിൽ നീക്കിബാക്കിയുള്ള തുകകൾ അതാത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-10 നികുതിപിരിവ് ഔട്ട്ഡോർ കലക്ഷൻ കാര്യക്ഷമമല്ല

*ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4/ 11 /2017 ന് പുറപ്പെടുവിച്ച 39 /2017 നമ്പർ ഓഫീസ് ഓർഡറും 14- 10- 2019 ലെ 23*/2019 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരവും പഞ്ചായത്തിലെ വിവിധങ്ങളായ ജീവനക്കാരുടെ ഔദ്യോഗിക കർത്തവ്യങ്ങളും ചുമതലകളും നിർണയിച്ച നൽകിയിട്ടുണ്ട്. ഇതുപ്രകാരം ക്ലാർക്ക്മാർക്ക് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് നികുതിപിരിവ് ലക്ഷ്യമിട്ട് വാർഡുകൾ വിഭജിച്ച് നൽകിയിട്ടുണ്ട് .ഇവർ മാന്വൽ രസീതി ഉപയോഗിച്ച് പിരിവ് നടത്തുന്നത് വളരെ കുറവാണ് എന്ന് രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

2019- 20 വർഷം, 2019 മെയ് മാസത്തിൽ ഓരോ രസീത് ബുക്ക് വീതം അഞ്ച് ക്ലാർക്ക്മാർ കൈപ്പറ്റിയിട്ടുണ്ട്, കാര്യമായി പിരിവ് തുടങ്ങിയത് 9/ 2019 ൽ മാത്രമാണ്. അടുത്ത് രസീത് ബുക്ക് കൈപ്പറ്റുന്നത് ഡിസംബർ2019 നും, അതായത് ഒരു രസീത് ബുക്ക് ഉപയോഗിച്ച് പിരിവ് നടത്താൻ എട്ടു മാസക്കാലം എടുത്തു. പിന്നീട് രസീത് ബുക്കുകൾ കൈപ്പറ്റുന്നുണ്ടെങ്കിലും അധിക ബുക്കും വിനിയോഗിക്കുന്നത് ക്യാമ്പ് കലക്ഷന് വേണ്ടിയാണ് .

2020-21 വർഷം പിരിവ് ജീവനക്കാർ രസീത് ബുക്ക് കൈപ്പറ്റുന്നത് 15/ 1/ 2021 മുതലാണ് 2020-2021 ൽ കോവിഡ് മൂലമാണ് ലോക്ഡൗൺ രസീതി ബുക്ക് കൈപ്പറ്റാതിരുന്നത് എന്ന് പറയാമെങ്കിലും ഇത്ര അധികം വൈകിയത് നീതീകരിക്കാനാവില്ല. 2021-22 വർഷത്തിൽ സപ്തംബർ 2021 നാണ് ആദ്യത്തെ റസീറ്റ് ഔട്ട്ഡോറിനു വേണ്ടി വിനിയോഗിച്ചത്. 2019- 20 വർഷവും,2020- 21 വർഷവും നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നതിന്റെ വിശദാംശം താഴെ കൊടുക്കുന്നു (വാർഷിക കണക്കിലെ ബി 15 സ്റ്റേറ്റ്മെൻറ് പ്രകാരം )

| ക്രമ നം | | 2019-20 | 2020-21 |
|---|---|---|---|
| 1 | വസ്തു നികുതി- റസിഡെനഷ്യൽ(കറണ്ട്) | 45512 | 15 |
| 2 | വസ്തു നികുതി- നോൺ റസിഡെനഷ്യൽ(കറണ്ട്) | 423755 | 41736 |
| 3 | വസ്തു നികുതി-കുടിശ്ശിക | 109723 | 126397 |

മേൽ കാണിച്ചതിൽ 2019 - 20 വർഷമാണ് നികുതിപിരിവ് കാര്യക്ഷമമല്ലാത്തത് എന്ന് വ്യക്തമാകുന്നു . 2020 -21 വർഷം കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെങ്കിലും 2021- 22 വർഷത്തിൽ പിരിവ് ആരംഭിക്കാൻ സപ്തംബർ മാസം വരെ ആയിട്ടുണ്ട് എന്നത് ശരിയായ നടപടിയല്ല . കൂടാതെ പിരിവ് ജീവനക്കാർക്ക് ഔട്ട് ഡോർ കളക്ഷന്റെ ഭാഗമായി സർക്കാർ പെർമനന്റ് കൺവേയൻസ് അലവൻസ് നൽകുന്നുണ്ട് . എല്ലാ പിരിവ് ജീവനക്കാരും ക്യാമ്പ് കളക്ഷൻ അല്ലാതെ തന്നെ ഫീൽഡിൽ പോയി നികുതി പിരിക്കുന്നുണ്ടെന്നും അനധികൃത കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ ഫീൽഡിൽ നടക്കുന്നതിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ് .

**<u>1-11 പഞ്ചായത്തിന്റെ ആസ്തിയും, കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ ആസ്തിയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്</u>**

1) പഞ്ചായത്തിന്റെ മിനിസ്റ്റേഡിയത്തിൽ സ്ഥാപിച്ചിട്ടുള്ള ഫുട്ബോൾ പോസ്റ്റ് ഒടിഞ്ഞു തുടങ്ങിയിട്ടുണ്ട്, ഇതിന് പരിഹാരം വേണമെന്ന് ആവശ്യപ്പെട്ട് ചെയർമാൻ ,പെരുമണ്ണ ഫുട്ബോൾ അക്കാദമി 14/ 6/ 2019 ന് ഒരു പരാതി നൽകിയിട്ടുണ്ട് ഇതിന്റെ ഭാഗമായി ബി 5 സെക്ഷൻ ക്ലാർക്ക് നടത്തിയ പരിശോധനയിൽ പഞ്ചായത്ത് ഗ്രൗണ്ടിൽ ഡ്രൈവിംഗ് പഠിപ്പിക്കുന്നുണ്ടെന്നും പഠിതാക്കൾ വണ്ടി കൊണ്ട് ഇടിച്ചതിന്റെ ഭാഗമായാകാം പോസ്റ്റ് ഒടിഞ്ഞ് തൂങ്ങിയതെന്നും ഈ വിഷയം തുടർനടപടികൾക്കായി ഭരണസമിതിയിലേക്ക് ശുപാർശ ചെയ്തു. 27-8-2019 ലെ തീരുമാനം 125/ 2019 പ്രകാരം പഞ്ചായത്ത് ഗ്രൗണ്ട് വിവിധ ആവശ്യങ്ങൾക്ക് അനുമതിയില്ലാതെ വിനിയോഗിക്കുന്നതിനാൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണമെന്നും, വാഹനങ്ങൾ കയറുന്നത് തടയാൻ ചങ്ങലകൾ സ്ഥാപിക്കണമെന്നും തീരുമാനിച്ചു . എന്നാൽ ഇതിന് നാളിതുവരെ പദ്ധതി രൂപീകരിച്ചു നടപ്പാക്കിയിട്ടില്ല.

2) പെരുമണ്ണ ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറി യുടെ അതിർത്തിയുടെ തെക്ക് ഭാഗം മതിൽ കെട്ടുന്ന പ്രവർത്തി മുടങ്ങിക്കിടക്കുകയാണ് എന്നും ആയത് എത്രയും പെട്ടെന്ന് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം എന്ന് അറിയിച്ചു. മെഡിക്കൽ ഓഫീസർ 1/ 8/ 2019 ന് പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ട് 27/8/ 2019 ലെ ഗ്രാമപഞ്ചായത്ത് 6/ 124 /19 നമ്പർ തീരുമാനപ്രകാരം ഡിസ്പെൻസറിയുടെ കോമ്പൗണ്ട് വാൾ നിർമ്മിച്ചാൽ നിരവധിപേരുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെടുമെന്നും വഴിക്കുള്ള സ്ഥലം ഒഴിവാക്കി ചുറ്റു മതിൽ നിർമ്മിക്കാനുള്ള അനുമതിക്കായി സർക്കാറിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനും തീരുമാനിച്ചു . തുടർന്ന് ഭൂമിയുടെ സർവേ സ്കെച്ച് ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്ത് വില്ലേജ് ഓഫീസർക്ക് കത്തുനൽകി (9 /10/2019 ന് കത്തുനൽകി )യതിന് 3/11/2019 ൽ (നമ്പർ 72/2019/ ജി എച്ച് ഡി പി) ലഭിച്ച മറുപടിയിൽ ഡിസ്പെൻസറിയുടെ സ്ഥലം അനധികൃതമായി മണ്ണിട്ട് റോഡാക്കി മാറ്റിയത് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഇക്കാര്യം പോലീസിൽ അറിയിക്കുകയും അവർ വിഷയം പരിശോധിക്കുകയും ചെയ്തു. പോലീസ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ ഹോമിയോ ഡിസ്പെൻസറി സ്ഥലത്തെ രണ്ട് വ്യക്തികൾ സർക്കാറിലേക്ക് നൽകിയ 24.5 സെൻറ് സ്ഥലത്താണ് നിർമിച്ചതെന്നും, സമീപപ്രദേശത്തെ ആളുകൾക്ക് നടന്നു പോകുന്നതിനു മുമ്പ് ഉണ്ടായിരുന്ന ഇടവഴി ഉപയോഗിക്കാതെ സ്ഥലം ഉപയോഗിക്കുകയാണ് ചെയ്യുന്നതെന്നും റിപ്പോർട്ട് ചെയ്തു. ഡിസ്പെൻസറി കെട്ടിടത്തിന്റെ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചാൽ മാത്രമേ പ്രശ്നം പരിഹരിക്കപ്പെടൂ എന്നും അറിയിച്ചു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതുവരെ സർക്കാർ അനുമതി ലഭ്യമാക്കി സ്ഥലം സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഉടൻ നടപടികൾ സ്വീകരിക്കുകയും ചുറ്റുമതിൽ നിർമ്മിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**<u>1-12 പാർക്കിംഗ് ഏരിയക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം</u>**

ശ്രീ ഇമ്പിച്ചിക്കോയ,ആമിന മൻസിൽ, വെള്ളായിക്കോട്, പന്തീരാങ്കാവ് എന്ന വ്യക്തി ടിയാളുടെ ഭാഗികമായി

പൂർത്തികരിച്ച പ്ലാൻ പ്രകാരം നികുതി നിർണ്ണയത്തിനായി അപേക്ഷ നൽകുകയും ,ആയത് പ്രകാരം കെട്ടിട നമ്പർ നൽകി (4/312 A,B,C,D) നൽകി നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട് .വിശദാംശം ചുവടെ കാണിക്കുന്നു.

| ഫ്ലോർ | തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|
| ബേസ് മെന്റ്ഫ്ലോർ | 161.74 ച.മീ (പാർക്കിംഗ് | |
| ഗ്രൗണ്ട് ഫ്ലോർ | 178.18ച.മീ | 178.18ച.മീ |
| ഒന്നാം നില | 147.80ച.മീ | 147.80ച.മീ |
| ആകെ | 487.77ച.മീ | 325.98ച.മീ |

മേൽ കെട്ടിടം 2017 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ ,ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി 50/-രൂപ നിരക്കിലും,പ്രഥമ മേഖല ആയത്തിനാൽ 20% വർദ്ധനവും ഉൾപ്പെടുത്തി 325.98ച.മീ പ്ലിന്ത് ഏരിയ്ക്ക് വസ്തു നികുതി കണക്കാക്കി ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടം 2011 റൂൾ 3 (4) പ്രകാരം വസ്തുനികുതി ചുമത്തേണ്ടതാണ്. ഇപ്രകാരം ചുമത്തുന്ന നികുതി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം റൂൾ 2(പി) പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളിലെയും ഫ്ലോർ ഏരിയയും, കോമൺ ഏരിയയും ഉൾപ്പെട്ടതാണ്. ഇത് പ്രകാരം 487.77ച.മീ ഏരിയയ്ക്ക് വസ്തുനികുതി ചുമത്തേണ്ടതിന് പകരം 325.98ച.മീ ച.മീ നികുതി ചുമത്തിയതിലൂടെ 161.74 ച.മീ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

161.74 ച.മീ ഒരു ച.മീ 50 രൂപ നിരയിൽ താഴെ പറയും പ്രകാരം നികുതി ചോർച്ച സംഭവിച്ചിട്ടുണ്ട്.

വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഏരിയ =161.74 ച.മീ

ഒരു ച.മീ 50 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി = 161.74 X50+20% = 9705/-രൂപ

2017-18 ഒന്നാം അർദ്ധവർഷം മുതൽ നാളിതു വരെയുള്ള 4 വർഷക്കാലയളവിൽ പ്രതിവർഷം ഈ ഇനത്തിൽ 9705/- രൂപ എന്ന കണക്കിൽ 4 വർഷത്തേക്ക് 38820/-രൂപ തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

28.08.20 ലെ അക്കൗണ്ടന്റ് ജനറലിന്റെ 2015-16 മുതൽ 2019-20 വരെയുള്ള ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക .നം.3 ൽ പ്രസ്തുത കാര്യം പരാമർശിച്ചിട്ടും നാളിതുവരെ സഞ്ചയ സോഫ്റ്റ് വെയറില് ഭാഗികമായ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴവൻ തറ വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2019-20/ 25.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

**2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് മുതലായ സ്ഥലങ്ങൾ മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. വാണിജ്യ കെട്ടിടങ്ങളുടെ കാർ പാർക്കിംഗിന് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, വാണിജ്യാവശ്യത്തിനുപയോഗിക്കു ഏരിയയ്ക്ക് അനുസൃതമായ വീതിച്ച് നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.**

## 1-13 2008 ലെ തണ്ണീർതട സംരക്ഷണ നിയമം പാലിക്കാതെ വാണിജ്യകെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു

കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | തറവിസ്തീർണ്ണവും , മറ്റ് വിവരങ്ങളും | |
|---|---|---|
| | ശ്രീമതി സാജിത, ചെറുകുന്നത്ത്, പാറക്കണ്ടം | ശ്രീ.ശശിധരൻ . പി, ചെയർമാൻ<br>റാപ്ച്ചർ ഇൻഡ്യ ഫൂട്ട്കെയർ (പി) ലിമിറ്റഡ് , പെരുമണ്ണ |
| ഫയൽ നമ്പർ- | A3/2669/19/12/4/19 | A3/10378/13/28/3/17<br>A3/9976/17/28/10/18 |
| ബിൽഡിംഗ് പെർമിറ്റ് | 1. BL-423/12-13/15/01/2013 | BL-13/15-16/5/01/2015 |

| | | |
|---|---|---|
| | 2.A3/7083/12 | |
| റിസർവ്വേ നമ്പർ | 70/2 - പെരുമണ്ണ വില്ലേജ് | 13 - പെരുമണ്ണ വില്ലേജ്<br>ഡേറ്റ ബാങ്കിൽ ഉൾപ്പെട്ട സ്ഥലം |
| സ്ഥല വിസ്തീർണ്ണം | 8.50 സെന്റ് - നിലം | 66.25 സെന്റ് - നിലം |
| ഗ്രൗണ്ട് ഫ്ലോർ | 525.08 ച.മീ | 418.50 ച.മീ (Existing)<br>461.81 ച.മീ (Proposed) |
| ഒന്നാം നില | 121.96ച.മീ | 461.81 ച.മീ<br>204.59ച.മീ |
| രണ്ടാം നില | 121.96ച.മീ | 195.31 ച.മീ |
| സ്റ്റെയർ കേസ് | | 18.76 ച.മീ |
| ആകെ | 769.00ച.മീ | 1760ച.മീ |

BL-423/12-13/15/01/2013 നമ്പർ പ്രകാരം ഷോപ്പ് /കൊമേർഷ്യൽ ആവശ്യത്തിനായി പെർമിറ്റിന് അപേക്ഷിക്കുകയും, പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത കെട്ടിടത്തിന് നിലവിൽ ഗോഡൗൺ+റെസിഡൻഷ്യൽ എന്നിവയ്ക്ക് കെട്ടിട നമ്പർ ലഭ്യമാക്കി നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി വരുന്നുണ്ട്. ഒന്നാം നില റെസിഡൻഷ്യൽ നിന്ന് വാണിജ്യകെട്ടിടമായി മാറ്റുന്നതിന് മെയ് 2019 ന് ലഭിച്ച അപേക്ഷയിൽ ഗ്രൗണ്ട് ഫളോർ, ഒന്നാം നില എന്നിവ വാണിജ്യകെട്ടിടമായി നമ്പറിട്ടു നികുതി നിർണ്ണയിച്ചു നൽകുകയും രണ്ടാം നില റെസിഡൻഷ്യൽ ആയി നിലനിർത്തുകയും ചെയ്തു.

ഫയൽ - A3/2669/19/12/4/19 പ്രകാരം 11/367.B,C,E,F എന്നീ നമ്പർ അനുവദിച്ച ഭാഗം ഗ്രൂപ്പ് ഡി യിൽ നിന്ന് ഗ്രൂപ്പ് എഫ് ഗണത്തിലേക്ക് തരം മാറ്റുന്നതിനും, അനുവദിക്കുന്നതിനുമാണ് വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മേൽ അപേക്ഷ യിൽ എൽ.എസ്.ജി.ഡി എഞ്ചിനീയർ നൽകിയ കുറിപ്പിൽ കെട്ടിടത്തിന് നേരത്തെ തന്നെ നമ്പർ ലഭിച്ചിട്ടുണ്ടെന്നും,ബിൽഡിംഗിന്റെ വലതുഭാഗത്ത് സെറ്റ് ബാക്ക് 1 മീറ്റർ മാത്രമേ ഉള്ളൂവെന്നും,അതിനാൽ ഓപ്പണിംഗ് അനുവദനീയമല്ലെന്നും, ഒരു കുഴൽകിണർ നിലവിലുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട് , കൂടാതെ നിലം ആണെന്ന് പരിഗണിച്ചുകൊണ്ട് ഒക്യുപെൻസി ചെയ്യ്ഞ്ഞ വേണ്ടിയുള്ള ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നിട്ടും വാണിജ്യാവശ്യത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും, നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയിട്ടുമുണ്ട്.

ഫയൽ - BL-13/15-16/5/01/2015 പ്രകാരമുള്ള അപേക്ഷയിൽ വാണിജ്യാവശ്യ ത്തിനായി അപേക്ഷിക്കുകയും,പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ Rapteure India Footcare എന്ന ഈ സ്ഥാപനത്തിന് കെട്ടിട നമ്പർ 3/297 ബി മുതൽ എഫ് വരെ നമ്പർ നൽകി നികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ ഡേറ്റ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് വാണിജ്യാവശ്യത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും, നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കിയിട്ടുമുണ്ട്. 28.08.20 ലെ അക്കൗണ്ടന്റ് ജനറലിന്റെ 2015-16 മുതൽ 2019-20 വരെയുള്ള ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക .നം.2 ൽ മേൽ കെട്ടിടത്തിൽ സ്ഥലപരിശോധനയിൽ അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെന്നും, ,പ്രസ്തുത കോംപൗണ്ടിൽ മറ്റുകെട്ടിടങ്ങൾ നിലകൊള്ളുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനെതിരേ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

മേൽ പ്രതിപാദിച്ച വാണിജ്യകെട്ടിടങ്ങൾ നിർമ്മിച്ച സ്ഥലങ്ങൾ റിസർവ്വേ നമ്പർ 70/2 കൈവശാവകാശ സർട്ടിഫിക്കറ്റിൽ തരം നിലം എന്ന് രേഖപ്പെടുത്തിയിട്ടും, റിസർവ്വേ നമ്പർ - 13 ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടും പ്രസ്തുത കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിന് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും, നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കി വരുന്നത് നിയമപ്രകാരമല്ല. 2008 ലെ തണ്ണീർതട സംരക്ഷണ നിയമം 4(1) പ്രകാരം നെൽവയലിന്റെ ഉടമസ്ഥന് വീടു വെയ്ക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പരിധിയിൽ 10സെന്റും, മുൻസിപ്പാലിറ്റി /കോർപ്പറേഷൻ പരിധിയിൽ 5 സെന്റിൽ കൂടുതൽ നികത്തുന്നതിന് അനുവാദമില്ല. എന്നിരുന്നിട്ടും മേൽ പ്രതിപാദിത പെർമിറ്റുകൾ അനുവദിച്ചതും, 2008 ലെ തണ്ണീർതട സംരക്ഷണ നിയമം പാലിക്കാത്തതിനും കാരണം വ്യക്തമല്ല.

കൂടാതെ ഗ്രാമപഞ്ചായത്ത് പെർമിറ്റ് അനുവദിച്ച മിക്ക ഫയലുകളിലും പാർക്കിംഗ് പ്ലാൻ ലഭ്യമല്ല. ൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/2019-20/ 26.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ നിയമം ലംഘിച്ച് പെർമിറ്റ് അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-14 ഭിന്നശേഷി/അങ്കണവാടി കലോൽസവങ്ങൾ -കൃത്രിമ രേഖകൾ ചമച്ച് തുക പിൻവലിച്ചു.**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ

ഭിന്നശേഷിക്കാരായ കുട്ടികളുടെയും അങ്കണവാടികളിൽ ഹാജരാകുന്ന കുട്ടികളുടെയും കലാകായിക മൽസരങ്ങൾ നടത്തുന്നതിനായി ആസൂത്രണം ചെയ്ത രണ്ട് വ്യത്യസ്ത പ്രൊജക്ടുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി കലോൽസവം | അങ്കണവാടി കലോൽസവം |
|---|---|---|
| പ്രൊജക്ട് നമ്പർ | 23/20 | 22/20 |
| വകയിരുത്തിയ തുക | 75000/-(വികസനഫണ്ട്-പൊതു.) | 75000/-(തനത്ഫണ്ട്) |
| ചെലവഴിച്ച തുക,ബിൽ/ചെക്ക് നമ്പർ | 40000/-(15/24.2.20)<br>35000/-(16/29.2.20) | 25000/-(6545/14.2.20)KGB<br>50000/-(6934/17.3.20)KGB |

2020 ഫെബ്രുവരി 15,16 തിയ്യതികളിലായി പെരുമണ്ണ അറത്തിൽപറമ്പ് എ.എം.എൽ.പി.സ്കൂളിൽ വെച്ചാണ് പരിപാടികൾ സംഘടിപ്പിച്ചിരുന്നത്.

**ഭിന്നശേഷി കലോൽസവം**

240 പേർ പങ്കെടുത്ത 15.02.20 ലെ ഭിന്നശേഷി കലോൽസവത്തിന് ആളൊന്നിന് 100/- രൂപ നിരക്കിൽ 400പേർക്ക് ഭക്ഷണം വിതരണം ചെയ്യതായുള്ള സി.ഡി.എസ്.ചെയർപേഴ്സന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 40000/- രൂപ സി.ഡി.എസ്.പെരുമണ്ണയുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. മറ്റ് ചെലവിനത്തിൽ താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചതായി രേഖകളിൽ കാണുന്നു.

| | |
|---|---|
| നിസരി-(CWS)ഭക്ഷണം തയ്യാറാക്കിയ കൂലി | 6000 |
| അബ്ബാസ്-പന്തൽ,സൌണ്ട് | 15000 |
| മൊയ്തീൻ-മെയ്ക്കപ്പ് | 3000 |
| സുനിൽകുമാർ-ഡ്രെസ്സ് വാടക | 11000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1). സി.ഡി.എസിന്റെ കണക്കുകളും വൌച്ചറുകളും പരിശോധിച്ചതിൽ സി.ഡി.എസിന്റെ നേതൃത്വത്തിൽ ഭക്ഷണവിതരണം നടത്തിയതായി കാണുന്നില്ല.സി.ഡി.എസ്.ഏറ്റെടുത്ത് നടത്താത്ത പരിപാടി നടത്തിയതായി കാണിച്ചാണ് സി.ഡി.എസ്.ചെയർപേഴ്സൻ കത്ത് നൽകിയത്.

2).സി.ഡി.എസി.ന് നൽകിയ തുകയിൽ നിന്നും കോട്ടായിത്താഴം കൈരളിസ്റ്റോർ മാനേജറുടെ (ക്വട്ടേഷൻ നമ്പർ 609,610,611,612,604,605,606,607 തിയ്യതിയും പേരും രേഖപ്പെടുത്തിയിട്ടില്ല). കത്തിന്റെ അടിസ്ഥാനത്തിൽ 183/28.2.20 നമ്പർ വൌച്ചർ പ്രകാരം 15,16 തിയ്യതികളിലായി സാധനങ്ങൾ വാങ്ങിയതിന് 38500/-രൂപയും ക്ളീനിംഗ് ജോലിക്കായി 1500/-രൂപയും സി.ഡി.എസ്. എക്കൌണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. അതായത് ഭിന്നശേഷി കലോൽസവത്തിന്റെ ചെലവ് മാത്രമല്ല 16.02.20ന നടന്ന അങ്കണവാടി കലോൽസവത്തിന്റെ ചെലവും മേൽ ബില്ലിൽ നിന്നുമാണ് നൽകിയത്.

3). മറ്റു ചെലവിനത്തിൽ ഭക്ഷണം തയ്യാറാക്കിയതിന് പണം നൽകിയിട്ടുള്ളത് നിസരി കമ്മ്യൂണിറ്റ് വുമൺ ഫെസിലിറ്റേറ്ററുടെ എക്കൌണ്ടിലേക്കാണ്.നിസരി പണം പിൻവലിച്ച് അബ്ബാസ് എന്നയാൾക്ക് നൽകിയതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.അതുപോലെ ലൈറ്റ്&സൌണ്ട് വാടകയിനത്തിൽ തുക നൽകിയത് അബ്ബാസ് എന്നയാൾക്കാണ്. എന്നാൽ വാടകസാധനങ്ങൾ നൽകിയ സ്ഥാപനഉടമ അബ്ബാസല്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ വെച്ച് പഞ്ചായത്ത് ഭരണസമിതി മെമ്പർമാർ വ്യക്തമാക്കി. മറ്റ് ചെലവുകൾ യഥാർത്ഥ ആളുകൾക്ക് തന്നെയാണോ നൽകിയത് എന്ന് ബോധ്യപ്പെട്ടിട്ടില്ല.

**അങ്കണവാടി കലോൽസവം**

1) 16.02.20ന് നടന്ന അങ്കണവാടി കലോൽസവത്തിന്റെ ചെലവിനത്തിൽ 40000/-രൂപ സി.ഡി.എസ്.പെരുമണ്ണയുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന് ആധാരമായി സൂക്ഷിച്ച വൌച്ചർ ഭിന്നശേഷി കലോൽസവത്തിനായി സി.ഡി.എസ്.ചെയർപേഴ്സൻ നൽകിയ കത്തിന്റെ ഫോട്ടോകോപ്പിയിൽ കൃത്രിമം കാണിച്ചാണ് ഭിന്നശേഷി കലോൽസവം എന്നുള്ളത് തിരുത്തി അങ്കണവാടി കലോൽസവം എന്നാക്കി മാറ്റുകയാണ് ചെയ്തത്. മാത്രമല്ല ബില്ലിൽ 40000/-രൂപ സി.ഡി.എസ്. പെരുമണ്ണയുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതായി കാണിച്ചെങ്കിലും (KLGB0040631/40631101054390) സി.ഡി.എസ്.എക്കൌണ്ടിലേക്ക് പണം കൈമാറാതെ സൂപ്പർവൈസർ തന്നെ നേരിട്ട് ബേങ്കിൽ നിന്നും പണം പിൻവലിക്കുകയാണ് ചെയ്തത്.

2)അങ്കണവാടി കലോൽസവത്തിന്റെ ബില്ലിൽ 35000/- രൂപ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർനിസരിയുടെ എക്കൌണ്ടിലേക്ക് (FDRL0001839/18390100051825)ട്രാൻസ്ഫർ ചെയ്തതായി കാണിച്ചിട്ടുണ്ട്.എന്നാൽ നിസരിയുടെ എക്കൌണ്ടിലേക്ക് പണം കൈമാറാതെ സൂപ്പർവൈസർതന്നെ ബേങ്കിൽ നിന്നും പണം പിൻവലിക്കുകയാണ് ചെയ്തത്.

3)കലോൽസവങ്ങളുടെ സംഘാടകസമിതി മിനുട്സിൽ അബ്ബാസ് എന്നയാളെ ഭക്ഷണചുമതല ഏൾപിച്ചതായി സൂപ്പർവൈസർ 25.11.21 ന് എഴുതി ചേർത്ത് ശേഷം ഓഡിറ്റിന് ഹാജരാക്കുകയാണുണ്ടായത്.

4)അടുത്തടുത്ത ദിവസങ്ങളിലായി ഒരേ സ്ഥലത്ത് വെച്ച നടന്ന പരിപാടിക്ക് വാടക ഒരുമിച്ച് മാത്രമേ നൽകാൻ സാധ്യതയുള്ളൂ. പ്രസ്തുത കാര്യം എക്സിറ്റ് മീറ്റിംഗ് ചർച്ചയിലും അംഗീകരിക്കപ്പെട്ടതാണ്.

രേഖകളിൽ കൃത്രിമം കാണിച്ച സി.ഡി.എസ്.എക്കൌണ്ടിലേക്കും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ എക്കൌണ്ടിലേക്കും തുക കൈമാറിയതായി കാണിച്ച് നേരിട്ട് തുക മാറിയെടുത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഐ.സി.ഡി.എസ്.സൂപ്പർവൈസർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(03/2019-20 തിയ്യതി 25.11.21)** ഐ.സി.ഡി.എസ് .സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടി കലോൽസവം നടത്തുന്നതിന് സി.ഡി.എസ്.പെരുമണ്ണയേയും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ നിസരിയേയും സാംഖ്യയിൽ മാപ്പ് ചെയ്തെങ്കിലും ഫണ്ട് ക്രെഡിറ്റ് വഴി ചെയ്യാൻ സാധിക്കാത്തതിനാലാണ് പണമായിപിൻവലിക്കേണ്ടിവന്നതെന്ന് അറിയിച്ചു.സാമ്പത്തിക ധനവിനിയോഗം സംബന്ധിച്ച് എന്റെ ഭാഗത്തുനിന്നും വന്ന വീഴ്ച അംഗീകരിക്കുകയും മേലിൽ ഇത്തരം വീഴ്ചകൾ വരാതിരിക്കാൻ ശ്രദ്ധപുലർത്തുമെന്നും അറിയിച്ചു.മറുപടി അംഗീകരിക്കാവുന്നതല്ല.

കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ലഭ്യമാക്കിയ മറുപടിയിൽ അവരുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സൂപ്പർവൈസർ കാണിച്ച 35000/-രൂപ അവരുടെ എക്കൌണ്ടിൽ വന്നിട്ടില്ല എന്നും അവർക്ക് ആ തുകയെകുറിച്ച് യാതൊരു അറിവും ഇല്ല എന്നും അവരുടെ എക്കൌണ്ട് സ്റ്റേറ്റ്മെന്റ് സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

സി.ഡി.എസ് ചെയർപേഴ്സൺ ലഭ്യമാക്കിയ മറുപടിയിൽ ഭിന്നശേഷി കലോൽസവത്തിന്റെ ചെലവിലേക്കായി അവരുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സൂപ്പർവൈസർ കാണിച്ച 40000/-രൂപ പ്രസ്തുത കലോൽസവത്തിന്റെ ഭക്ഷണചെലവിനും ക്ളീനിംഗിനുമായി ചെലവഴിച്ചിട്ടുണ്ടെന്നും അങ്കണവാടി കലോൽസവത്തിന്റെ ബില്ലിൽ അവരുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സൂപ്പർവൈസർ കാണിച്ച40000/-രൂപ അവരുടെ എക്കൌണ്ടിൽ വന്നിട്ടില്ല എന്നും അവർക്ക് ആ തുകയെകുറിച്ച് യാതൊരു അറിവും ഇല്ല എന്നും അവരുടെ എക്കൌണ്ട് സ്റ്റേറ്റ്മെന്റ് സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

കേരള ഗ്രാമീണ ബേങ്ക് പെരുമണ്ണ ശാഖാ മാനേജരുടെ 25.11.21ലെ10/BK/45/2021/PMNA കത്തിൽ 6545/14.2.20 ചെക്ക് പ്രകാരമുള്ള 25000/-രൂപയും 6934/17.3.20 ചെക്ക് പ്രകാരമുള്ള 50000/-രൂപയും ഐ.സി.ഡി.എസ് സൂപ്പർവൈസർ നസ്രീന ക്യാഷായി പിൻവലിച്ചതായി അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ രേഖകളും മറുപടികളും പരിശോധിച്ചതിലും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ നേരിൽ കേട്ടതിൽ നിന്നും എക്സിറ്റ് മീറ്റിംഗിലെ ചർച്ചയിൽ നിന്നും ഐ.സി.ഡി.എസ് .സൂപ്പർവൈസർ കൃത്രിമ രേഖകൾ ചമച്ച് അങ്കണവാടി കലോൽസവത്തിന്റെ ബില്ലിൽ ചെലവായി കാണിച്ച 75000/- രൂപ പിൻവലിച്ചതായി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ചെലവുതുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭിന്നശേഷി കലോൽസവത്തിനായി ചെലവഴിച്ച തുക മേൽ കാണിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ തടസ്സത്തിൽ വെക്കുന്നു.

**1-15 മോട്ടോർ സ്ഥാപിക്കൽ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചില്ല**

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | എടത്തൊടി എസ്.സി.സങ്കേതത്തിലെ കുഴൽകിണറിൽ മോട്ടോർ സ്ഥാപിക്കൽ |
| പ്രൊജക്റ്റ് നമ്പർ | 169/20 |
| വകയിരുത്തിയ തുക | 174000/-(SCP) |
| ചെലവഴിച്ച തുക | 144500/-(198/31.01.20) |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിക്കായി 144500/-രൂപ പി.ഡബ്ള്യ.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ അസി.എഞ്ചിനീയർക്ക് അടവാക്കിയിട്ടുണ്ട്. എഞ്ചിനീയറുടെ 16.08.21ലെ EST NO.2019/4153 പ്രകാരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ചെലവുകിഴിച്ചുള്ള തുക തിരികെ ക്രെഡിറ്റ് ചെയ്യുന്നതിനായി പി.ഡബ്ള്യ.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ അസി.എഞ്ചിനീയർ എക്കൌണ്ട് വിശദാംശവും ആവശ്യപ്പെട്ടിരുന്നു. 07.09.21 ന് സെക്രട്ടറി എക്കൌണ്ട് വിശദാംശം അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ചെലവഴിക്കാത്ത തുക തിരികെ ലഭിച്ചതിന്റെ വിവരവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ,ഫൈനൽ ബില്ലിന്റെ പകർപ്പ്,മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവയും പരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19-20തിയ്യതി.26.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽവെക്കുന്നു.

**1-16 5 വർഷ ഗ്യാരന്റിയോടുകൂടി റോഡ് പ്രവർത്തി ഏറ്റെടുത്തില്ല**

പൊതുമരാമത്ത് പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്.മേൽ ഉത്തരവ് 7.13(12) അനുസരിച്ച് ഗുണമേൻമയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറയുന്നു.ഇപ്രകാരം 2019-20,20-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിൽ റോഡ് 5 വർഷ ഗ്യാരന്റിയോടുകൂടി നിർമ്മിച്ചറോഡിന്റെ വിശദാംശം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഇതു വരെ ഇക്കാര്യം നടപ്പിലാക്കിയിട്ടില്ലെന്നും ,തുടർ വർഷങ്ങളിൽ ഭരണ സമിതിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടു വരുമെന്നും അത് നടപ്പിലാക്കാൻ ശ്രമിക്കുമെന്നും അറിയ്ച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്

**1-17 ഓവർ ഹെഡ് ചാർജ് ചെറിയ പ്രവൃത്തികൾക്കുംനൽകുന്നു - പഞ്ചായത്തിന് നഷ്ടം**

ഗ്രാമപഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർ ഹെഡ്സ്ചാർജ്ജും 10% കോൺട്രാക്റ്ററുടെ ലാഭവും ഉൾപ്പെടുത്തിയാണ്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE ൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളുടെ കാര്യത്തിലും മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് ചെറിയ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ല ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയാറാക്കുമ്പോൾ ഓരോ ഇനത്തിനും ഓവർ ഹെഡ് ചാർജ് ഉൾപ്പെട്ട റേറ്റ് ആണ് ലഭ്യമാവുന്നതെന്നും ഇത് ഒഴിവാക്കി ഡാറ്റ തയാറാക്കാൻ സാധിക്കില്ലയെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ വിഷയം മേലുദ്യോഗസ്ഥർ മുഖേന LSGD ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ അർഹിക്കുന്ന തുക മാത്രം അനുവദിക്കുകയെന്നത് ചെലവ് ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കാത്ത എസ്റ്റിമേറ്റിൽ മാന്വലായി മാറ്റം വരുത്തുന്നതിന് നിലവിൽ തടസ്സമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർവർഷങ്ങളിൽ ഇത്തരത്തിലുള്ള അധികച്ചെലവ് നിരാകരിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-18 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രൊജക്ട് നമ്പർ | 42/20 |
| വകയിരുത്തിയ തുക | 2800000/- |
| ചെലവഴിച്ച തുക | 2000000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000/-രൂപ വീതം നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | ബിൽഡിംഗ് നമ്പർ | പഠനമുറിയുടെ ഏരിയ | വാല്യുവേഷൻ |
|---|---|---|---|---|
| 1 | ഗോഹിത്ത് S/Oഗോപി | 8/301 | പെർമിറ്റ് ഹാജരാക്കിയില്ല. | ലഭ്യമല്ല |
| 2 | ആദിത്യൻ S/Oഉണ്ണികൃഷ്ണൻ | 3/161 A | പെർമിറ്റ് ഹാജരാക്കിയില്ല | ലഭ്യമല്ല |
| 3 | മിഥുന D/Oവിലാസിനി | 16/12A | പെർമിറ്റ് ഹാജരാക്കിയില്ല | ലഭ്യമല്ല |
| 4 | ജിബിൻ ഷൈജു ഇ.കെ | 11/305 | 26.7sq.M | ലഭ്യമല്ല |
| 5 | അനർഘ D/Oഉഷ | 5/121 | 11.25 | ലഭ്യമല്ല |
| 6 | നന്ദന D/Oഷാജു.വി | 7/251 | പെർമിറ്റ് ഹാജരാക്കിയില്ല | ലഭ്യമല്ല |
| 7 | അമീൻ സുന്ദരൻ | 17/108A | 25.75 Sq.M | ലഭ്യമല്ല |
| 8 | ദേവികബിജിത്ത് | 12/287A | പെർമിറ്റ് ഹാജരാക്കിയില്ല | ലഭ്യമല്ല |
| 9 | അനുശ്രീ D/Oവനജ | 18/217 | പെർമിറ്റ് ഹാജരാക്കിയില്ല | ലഭ്യമല്ല |
| 10 | വിസ്മയ D/Oസുജാത | 9/223 | പെർമിറ്റ് ഹാജരാക്കിയില്ല | ലഭ്യമല്ല |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.സ്റ്റേജ് സർട്ടിഫിക്കറ്റ്,വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഠനമുറിയുടെ പെർമിറ്റ് ഹാജരാക്കാതെ തുക കൈമാറി.

3. 15.10.2018 ലെ സ.ഉ.നം.2636/2018/തസ്വഭവ പ്രകാരം പഠനമുറിയുടെ തറവിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 120ചതുരശ്രഅടിയാണ്. അതിൽ കൂടുതൽ വിസ്തീർണ്ണമുള്ള പഠനമുറികൾക്ക് ആനുകൂല്യം നൽകിയതായി കാണുന്നു.

4. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയശേഷം സമർപ്പിച്ച കംപ്ളീഷൻ പ്ളാനും നികുതി നിർണ്ണയ ഫയലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11 /19-20തിയ്യതി.25.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.ചെലവുതുക തടസ്സത്തിൽവെക്കുന്നു.

**1-19 ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം-സ്വകാര്യ കടയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നു.**

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം,<br>വിദ്യാർത്ഥികൾക്ക് ഭക്ഷണം,യാത്രാ സൌകര്യം ഒരുക്കൽ |
| പ്രൊജക്ട് നമ്പർ | 147/20 |
| വകയിരുത്തിയ തുക | 800000/- |
| ചെലവഴിച്ച തുക | 783338/- |

ഹെഡ്മാസ്റ്റർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 92008/-രൂപ ബഡ്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.ഭക്ഷണ സാധനങ്ങൾ പുളിക്കൽതാഴത്തുള്ള പി.പി.സ്റ്റോറിൽ നിന്നാണ് വാങ്ങിയത്.സാധനങ്ങളുടെ ഗുണനിലവാരവും സിവിൽ സപ്ളൈസ് കോർപ്പറേഷൻ സ്റ്റോറുകളിലെ വിലനിലവാരവും പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.വിലയും ഗുണനിലവാരവും പരിശോധിച്ചുറപ്പുവരുത്താത്തതിനും സിവിൽ സപ്ളൈസ് കോർപ്പറേഷൻ സ്റ്റോറുകളിൽ നിന്നോ മറ്റ് അംഗീകൃത കടകളിൽ നിന്നോ സാധനങ്ങൾ വാങ്ങാതിരിക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/19-20തിയ്യതി.25.11.21) ലഭ്യമാക്കിയ മറുപടിയിൽ കുട്ടികളുടെ ഭക്ഷണാവശ്യത്തിന് വേണ്ട എല്ലാ സാധനങ്ങളും സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നിന്നും ലഭിക്കാത്തതിനാലും അറിവില്ലായ്മകൊണ്ടുമാണ് മാവേലി സ്റ്റോറുകളിൽനിന്നും സാധനങ്ങൾ വാങ്ങാതിരുന്നതെന്നും ഭാവിയിൽ ആവർത്തിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. വിലനിലവാരം താരതമ്യം ചെയ്തും ഗുണനിലവാരം ഉറപ്പുവരുത്തിയും മാത്രം സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 മെറ്റീരിയൽ വില -പ്രാദേശിക വിലയുമായി താരതമ്യപ്പെടുത്താതെ കരാറുകാരിൽ നിന്ന് വാങ്ങുന്നത് വഴിഅധിക ചെലവ്**

2019-20 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് മെറ്റീരിയൽ ടെണ്ടർ നടപടികളിലൂടെ കരാറുകാർ വഴിയാണ് സംഭരിച്ചത്. 15 പ്രവൃത്തികളിലായി ശ്രീ.ആസാദ്.പി എന്ന കരാറുകാരൻ 22 ഇനം മെറ്റീരിയലുകൾ സപ്ലൈ ചെയ്തിട്ടുണ്ട്. 17 പ്രവൃത്തികളിലായി ശ്രീ.മാമുക്കോയ എന്ന കരാറുകാരൻ 40 ഇനം മെറ്റീരിയലുകളും സപ്ലൈ ചെയ്തിട്ടുണ്ട്. സാധനസാമഗ്രികൾ വിതരണം ചെയ്യാൻ ടെൻഡർ ക്ഷണിച്ചതിൽ രണ്ടു കരാറുകാർക്കാണ് അതിനുള്ള അനുമതി നൽകിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു ക്രഷർ (കൈരളി മെറ്റൽ )പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും ലഭിച്ച മെറ്റീരിയലുകളുടെ വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് താരതമ്യം ചെയ്തതിൽ കരാറുകാർ ക്വോട്ട് ചെയ്തത് വളരെ കൂടിയ നിരക്കാണ് എന്ന് കാണാം. ഇത് വഴി പഞ്ചായത്തിന് അധിക ചെലവ് വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| മെറ്റീരിയൽ | ഉപയോഗിച്ചഅളവ് | പ്രാദേശിക വില | കരാറുകാർക്ക് അനുവദിച്ച വില | അധികം അനുവദിച്ചത് |
|---|---|---|---|---|
| മണൽ | 319.955 M3 | 440578<br>(319.955x1377) | 703901<br>(319.955x2200) | 263323 |
| 20 Mm മെറ്റൽ | 178.5064 M3 | 208138 | 365938 | 157800 |

| | | | | |
|---|---|---|---|---|
| | | (178.5064x1166) | (178.5064x2050) | |
| 40 Mm മെറ്റൽ | 347.477 M3 | 405158<br>(347.477 X1166) | 660206<br>(347.477 X1900) | 255048 |

പ്രവൃത്തിയ്ക്ക് വേണ്ട മെറ്റീരിയൽ മേൽ ക്രഷറിൽ നിന്ന് ഗ്രാമപഞ്ചായത്ത് നേരിട്ട് വാങ്ങിയിരുന്നെങ്കിൽ, കരാറുകാരിൽ നിന്ന് വാങ്ങുന്നതിനേക്കാളും വില വളരെയധികം കുറവ് ഉണ്ടാകുമായിരുന്നു.എൻ.ആർ.ഇ.ജി.എസ് പ്രവർത്തിക്ക് ഉള്ള എസ്റ്റിമേറ്റിൽ ഡി.എസ്.ആർ. പ്രകാരമുള്ള മെറ്റീരിയൽ റേറ്റ് ആണ് Seccure സോഫ്റ്റ്‌വെയറിൽ ഉള്ളത്. അതാണ് ലോക്കൽ റേറ്റുമായി ഇത്രയധികം വില വ്യത്യാസം ഉണ്ടാകാനിടയായത്. കൂടാതെ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് സർക്കാർ പുറപ്പെടുവിച്ച 30.03.2012 ലെ 93/12/തസ്വഭവ ഉത്തരവിൽ കരാറുകാരിൽ നിന്ന് മെറ്റീരിയൽ വാങ്ങാമെന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 29.11.2010 ലെ ഭാരത സർക്കാർ മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ നിർദ്ദേശം ഖണ്ഡിക 2 (B)(IV) ൽ മെറ്റീരിയൽ വില റീസണബിൾ ആണെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

ഇവിടെ മേൽ നിർദ്ദേശത്തിന്റ വിരുദ്ധമായി മെറ്റീരിയൽ വില ന്യായമാണെന്ന് ഉറപ്പാക്കാതെ വിതരണച്ചുമതല കരാറുകാരെ ഏല്പിച്ച് നൽകി. ഇത് മൂലം കേന്ദ്രഫണ്ടിൽ 2019-20,2020-21,2021-22 വർഷത്തിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വേണ്ട ജാഗ്രത പുലർത്തിയില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ മെറ്റീരിയൽ സപ്ലൈ ലാഭകരമായരീതിയിൽ നടത്തി രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**1-21 ആശ്രയ പദ്ധതിഫണ്ട് വിനിയോഗിക്കാതെ സൂക്ഷിക്കുന്നു**

2019-20 വർഷത്തിൽ വൗച്ചർ നമ്പർ 21900509/2.9.9 പ്രകാരം 100000 രൂപ സംയുക്ത പ്രോജക്ടിനായുള്ള അക്കൗണ്ടിൽ നിന്ന് 30.08.2019 ലെ എ1-5382/19 നമ്പർ ഉത്തരവ് പ്രകാരം സി.ഡി.എസ് ന്റെ അഗതി രഹിത കേരളം പദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള കേരള ഗ്രാമീണ ബാങ്കിലുള്ള 40631101060896 എന്ന അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഈതുക 7.9.19ന് സി.ഡിഎസ് ന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്.തുക നാളിതുവരെ പദ്ധതി നടത്തിപ്പിനായി വിനിയോഗിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സംയുക്ത പ്രൊജക്ടിന്റെ നടത്തിപ്പിനായി കുടുംബശ്രീ ജില്ലാ മിഷന് കൈമാറിയിട്ടുള്ള തുകയാണിത്. ജില്ലാ മിഷൻ 28.5.2019 ന് തുക ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. തുക ഏത് രീതിയിൽ വിനിയോഗിക്കണം എന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശവും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് എന്ത് സേവനം ലഭ്യമാക്കണമെന്ന് വ്യക്തമാക്കിയിട്ടില്ല ഇതു സംബന്ധിച്ച പ്രൊജക്ട് പഞ്ചായത്തിൽ ഇല്ല.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 8/ 19-20 25.11.21) സി.ഡി.എസ് ചെയർ പേഴ്സൺ ലഭ്യമാത്തിയ മറുപടിയിൽ ടി തുക ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കായി വിനിയോഗിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഈ തുക എന്ത് പദ്ധതി നടത്തിപ്പിനാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന വിശദാംശങ്ങൾ തേടി. ഈ ആവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിച്ച് ജില്ലാ പഞ്ചായത്തിന് വിനിയോഗ സാക്ഷ്യ പത്രം നൽകി വിവരം അറിയിക്കേണ്ടതാണ്.

**ഭാഗം -2**

**2-1 പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം**

ശ്രീ ഇമ്പിച്ചിക്കോയ,ആമിന മൻസിൽ, വെള്ളായിക്കോട്, പന്തീരാങ്കാവ് എന്ന വ്യക്തി ടിയാളുടെ ഭാഗികമായി പൂർത്തികരിച്ച പ്ലാൻ പ്രകാരം നികുതി നിർണ്ണയത്തിനായി അപേക്ഷ നൽകുകയും ,ആയത് പ്രകാരം കെട്ടിട നമ്പർ നൽകി (4/312 A,B,C,D) നൽകി നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട് . വിശദാംശം ചുവടെ കാണിക്കുന്നു.

| ഫ്ലോർ | തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|
| ബേസ് മെന്റ്ഫ്ലോർ | 161.74 ച.മീ (പാർക്കിംഗ് | |
| ഗ്രൗണ്ട് ഫ്ലോർ | 178.18ച.മീ | 178.18ച.മീ |
| ഒന്നാം നില | 147.80ച.മീ | 147.80ച.മീ |
| ആകെ | 487.77ച.മീ | 325.98ച.മീ |

മേൽ കെട്ടിടം വർഷം 2017 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ ,ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുത്തി 50/-രൂപ നിരക്കിലും,പ്രഥമ മേഖല ആയതിനാൽ 20% വർദ്ധനവും ഉൾപ്പെടുത്തി 325.98ച.മീ പ്ലിന്ത് ഏരിയ്ക്ക് വസ്തു നികുതി കണക്കാക്കി ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടം 2011 റൂൾ 3 (4) പ്രകാരം വസ്തുനികുതി ചുമത്തേണ്ടതാണെന്നും, ഇപ്രകാരം ചുമത്തുന്ന നികുതി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം റൂൾ 2(പി) പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളിലെയും ഫ്ലോർ ഏരിയയും, കോമൺ ഏരിയയും ഉൾപ്പെട്ടതാണ്. ഇത് പ്രകാരം 487.77ച.മീ ഏരിയയ്ക്ക് വസ്തുനികുതി ചുമത്തേണ്ടതിന് പകരം 325.98ച.മീ ച.മീ നികുതി ചുമത്തിയതിലൂടെ 161.74 ച.മീ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

161.74 ച.മീ ഒരു ച.മീ 50 രൂപ നിരയിൽ താഴെ പറയും പ്രകാരം നികുതി ചേർച്ച സംഭവിച്ചിട്ടുണ്ട്.

വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഏരിയ =161.74 ച.മീ

ഒരു ച.മീ 50 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി = 161.74 X50+20%+5% ലൈബ്രറിസ്സെസ്

= 9705/-രൂപ+5% ലൈബ്രറിസ്സെസ്

2017-18 ഒന്നാം അർദ്ധവർഷം മുതൽ 2020-21 വർഷം വരെയുള്ള 4 വർഷക്കാലയളവിൽ പ്രതിവർഷം ഈ ഇനത്തിൽ 9705/- രൂപ എന്ന കണക്കിൽ 4 വർഷത്തേക്ക് 38820/-രൂപ തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ ലൈബ്രറിസ്സെസ് ഇനത്തിൽ 1941/-രൂപയും 28.08.20 ലെ അക്കൗണ്ടന്റ് ജനറലിന്റെ 2015-16 മുതൽ 2019-20 വരെയുള്ള ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക .നം.3 ൽ പ്രസ്തുത കാര്യം പരാമർശിച്ചിട്ടും നാളിതുവരെ സഞ്ചയ സോഫ്റ്റ് വെയറില് ഭാഗികമായ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ തറ വിസ്തീർണ്ണത്തിനും  നികുതി നിർണ്ണയിച്ചിട്ടില്ല.

**2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് മുതലായ സ്ഥലങ്ങൾ മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. വാണിജ്യ കെട്ടിടങ്ങളുടെ കാർ പാർക്കിംഗ് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, വാണിജ്യാവശ്യത്തിനുപയോഗിക്ക ഏരിയയ്ക്ക് അനുസൃതമായ വീതിച്ച് നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. ഇക്കാര്യത്തിൽ സ്പഷ്ടത വരുത്തേണ്ടതാണ്. തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഓഡിറ്റ് വർഷത്തിലുണ്ടായ 9905 രൂപയുടെ നഷ്ടം ഓഡിറ്റ് നിരാകരിക്കുന്നു. മറ്റു വർഷങ്ങളിലെ നഷ്ടതുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.**

## ഭാഗം -3

### 3-1 ഭിന്നശേഷി/അങ്കണവാടി കലോൽസവങ്ങൾ -കൃത്രിമ രേഖകൾ ചമച്ച് തുക പിൻവലിച്ചു.

ഐ.സി.ഡി.എസ് .സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെയും അങ്കണവാടികളിൽ ഹാജരാകുന്ന കുട്ടികളുടെയും കലാകായിക മൽസരങ്ങൾ നടത്തുന്നതിനായി ആസൂത്രണം ചെയ്ത രണ്ട് വ്യത്യസ്ത പ്രൊജക്ടുകളാണ് താഴെ കൊടുത്തിരിക്കുന്നത്.

| പ്രൊജക്ടിന്റെ പേര് | ഭിന്നശേഷി കലോൽസവം | അങ്കണവാടി കലോൽസവം |
|---|---|---|
| പ്രൊജക്ട് നമ്പർ | 23/20 | 22/20 |
| വകയിരുത്തിയ തുക | 75000/-(വികസനഫണ്ട്-പൊതു.) | 75000/-(തനത്ഫണ്ട്) |
| ചെലവഴിച്ച തുക,ബിൽ/ചെക്ക് നമ്പർ | 40000/-(15/24.2.20)<br>35000/-(16/29.2.20) | 25000/-(6545/14.2.20)KGB<br>50000/-(6934/17.3.20)KGB |

2020 ഫെബ്രവരി 15,16 തിയ്യതികളിലായി പെരുമണ്ണ അറത്തിൽപറമ്പ് എ.എം.എൽ.പി.സ്കൂളിൽ വെച്ചാണ് പരിപാടികൾ സംഘടിപ്പിച്ചിരുന്നത്.

**ഭിന്നശേഷി കലോൽസവം**

240 പേർ പങ്കെടുത്ത 15.02.20 ലെ ഭിന്നശേഷി കലോൽസവത്തിന് ആളൊന്നിന് 100/- രൂപ നിരക്കിൽ 400പേർക്ക് ഭക്ഷണം വിതരണം ചെയ്തതായുള്ള സി.ഡി.എസ്.ചെയർപേഴ്സന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 40000/- രൂപ സി.ഡി.എസ്.പെരുമണ്ണയുടെ എക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. മറ്റ് ചെലവിനത്തിൽ താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചതായി രേഖകളിൽ കാണുന്നു.

| | |
|---|---|
| നിസരി-(CWS)ഭക്ഷണം തയ്യാറാക്കിയ കൂലി | 6000 |
| അബ്ബാസ്-പന്തൽ,സൌണ്ട് | 15000 |
| മൊയ്തീൻ-മെയ്ക്കപ്പ് | 3000 |
| സുനിൽകുമാർ-ഡ്രെസ്സ് വാടക | 11000 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സി.ഡി.എസിന്റെ കണക്കുകളും വൌച്ചറുകളും പരിശോധിച്ചതിൽ സി.ഡി.എസിന്റെ നേതൃത്വത്തിൽ ഭക്ഷണവിതരണം നടത്തിയതായി കാണുന്നില്ല.സി.ഡി.എസ്.ഏറ്റെടുത്ത് നടത്താത്ത പരിപാടി നടത്തിയതായി കാണിച്ചാണ് സി.ഡി.എസ്.ചെയർപേഴ്സൻ കത്ത് നൽകിയത്.
2. സി.ഡി.എസി.ന് നൽകിയ തുകയിൽ നിന്നും കോട്ടായിത്താഴം കൈരളിസ്റ്റോർ മാനേജറുടെ (ക്വട്ടേഷൻ നമ്പർ 609,610,611,612,604,605,606,607 തിയ്യതിയും പേരും രേഖപ്പെടുത്തിയിട്ടില്ല)കത്തിന്റെ അടിസ്ഥാനത്തിൽ 183/28.2.20 നമ്പർ വൌച്ചർ പ്രകാരം 15,16 തിയ്യതികളിലായി സാധനങ്ങൾ വാങ്ങിയതിന് 38500/-രൂപയും ക്ളീനിംഗ് ജോലിക്കായി 1500/-രൂപയും സി.ഡി.എസ്. എക്കൌണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.അതായത് ഭിന്നശേഷി കലോൽസവത്തിന്റെ ചെലവ് മാത്രമല്ല 16.02.20ന്ന നടന്ന അങ്കണവാടി കലോൽസവത്തിന്റെ ചെലവും മേൽ ബില്ലിൽ നിന്നും നൽകുകയുണ്ടായി.
3. മറ്റു ചെലവിനത്തിൽ ഭക്ഷണം തയ്യാറാക്കിയതിന് പണം നൽകിയിട്ടുള്ളത് നിസരി കമ്മ്യൂണിറ്റ് വുമൺ ഫെസിലിറ്റേറ്ററുടെ എക്കൌണ്ടിലേക്കാണ്.നിസരി പണം പിൻവലിച്ച് അബ്ബാസ് എന്നയാൾക്ക് നൽകിയതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.അതുപോലെ ലൈറ്റ്&സൌണ്ട് വാടകയിനത്തിൽ തുക നൽകിയത് അബ്ബാസ് എന്നയാൾക്കാണ്.എന്നാൽ വാടകസാധനങ്ങൾ നൽകിയ സ്ഥാപനഉടമ അബ്ബാസല്ല എന്ന് എക്സിറ്റ് മീറ്റിംഗിൽവെച്ച് മെമ്പർമാർ വ്യക്തമാക്കി.മറ്റ് ചെലവുകൾ യഥാർത്ഥ ആളുകൾക്ക് തന്നെയാണോ നൽകിയത് എന്ന് ബോധ്യപ്പെട്ടിട്ടില്ല.

**അങ്കണവാടി കലോൽസവം**

1. 16.02.20ന് നടന്ന അങ്കണവാടി കലോൽസവത്തിന്റെ ചെലവിനത്തിൽ 40000/-രൂപ സി.ഡി.എസ്.പെരുമണ്ണയുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന് ആധാരമായി സൂക്ഷിച്ച വൌച്ചർ ഭിന്നശേഷി കലോൽസവത്തിനായി സി.ഡി.എസ്.ചെയർപേഴ്സൻ നൽകിയ കത്തിന്റെ ഫോട്ടോകോപ്പിയിൽ കൃത്രിമത്തം വരുത്തിയാണ്. ഭിന്നശേഷി കലോൽസവം എന്നുള്ളത് തിരുത്തി അങ്കണവാടി കലോൽസവം എന്നാക്കി മാറ്റുകയാണ് ചെയ്തത്. മാത്രമല്ല ബില്ലിൽ 40000/-രൂപ സി.ഡി.എസ്.പെരുമണ്ണയുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയതായി കാണിച്ചെങ്കിലും( KLGB0040631/40631101054390)സി.ഡി.എസ്.എക്കൌണ്ടിലേക്ക് പണം കൈമാറാതെ സൂപ്പർവൈസർതന്നെ ബേങ്കിൽ നിന്നും പണം പിൻവലിക്കുകയാണ ചെയ്തത്.
2. അങ്കണവാടി കലോൽസവത്തിന്റെ ബില്ലിൽ 35000/- രൂപ കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർനിസരിയുടെ എക്കൌണ്ടിലേക്ക് (FDRL0001839/18390100051825)ട്രാൻസ്ഫർ ചെയ്തതായി കാണിച്ചിട്ടുണ്ട്.എന്നാൽ നിസരിയുടെ എക്കൌണ്ടിലേക്ക് പണം കൈമാറാതെ സൂപ്പർവൈസർതന്നെ ബേങ്കിൽ നിന്നും പണം പിൻവലിക്കുകയാണ ചെയ്തത്.
3. കലോൽസവങ്ങളുടെ സംഘാടകസമിതി മിനട്സിൽ അബ്ബാസ് എന്നയാളെ ഭക്ഷണചുമതല ഏൾപിച്ചതായി സൂപ്പർവൈസർ 25.11.21 ന് എഴുതി ചേർത്ത് ശേഷം ഓഡിറ്റിന് ഹാജരാക്കുകയാണുണ്ടായത്.
4. അടുത്തടുത്ത ദിവസങ്ങളിലായി ഒരേ സ്ഥലത്ത് വെച്ച നടന്ന പരിപാടിക്ക് ഒരു വാടക മാത്രമേ നൽകാൻ സാധ്യതയുള്ളൂ.പ്രസ്തുത കാര്യം എക്സിറ്റ് മീറ്റിംഗ് ചർച്ചയിലും അംഗീകരിക്കപ്പെട്ടതാണ്.

കൃത്രിമരേഖകൾ ചമച്ചും സി.ഡി.എസ്.എക്കൌണ്ടിലേക്കും കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററുടെ എക്കൌണ്ടിലേക്കും തുക കൈമാറിയതായി കാണിച്ച് നേരിട്ട് തുക മാറിയെടുത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ എന്നിവർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(03/2019-20 തിയ്യതി 25.11.21)** ഐ.സി.ഡി.എസ് .സൂപ്പർവൈസർ,സെക്രട്ടറി എന്നിവർ മറുപടി ലഭ്യമാക്കിയിട്ടില്ല.

കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ ലഭ്യമാക്കിയ മറുപടിയിൽ അവരുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സൂപ്പർവൈസർ കാണിച്ച 35000/-രൂപ അവരുടെ എക്കൌണ്ടിൽ വന്നിട്ടില്ല എന്നും അവർക്ക് ആ തുകയെകുറിച്ച് യാതൊരു അറിവും ഇല്ല എന്നും അവരുടെ എക്കൌണ്ട് സ്റ്റേറ്റ്മെന്റ് സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

സി.ഡി.എസ് ചെയർപേഴ്സൺ ലഭ്യമാക്കിയ മറുപടിയിൽ ഭിന്നശേഷി കലോൽസവത്തിന്റെ ചെലവിലേക്കായി അവരുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സൂപ്പർവൈസർ കാണിച്ച 40000/-രൂപ പ്രസ്തുത കലോൽസവത്തിന്റെ ഭക്ഷണചെലവിനും ക്ളീനിംഗിനുമായി ചെലവഴിച്ചിട്ടുണ്ടെന്നും അങ്കണവാടി കലോൽസവത്തിന്റെ ബില്ലിൽ അവരുടെ എക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി സൂപ്പർവൈസർ കാണിച്ച 40000/-രൂപ അവരുടെ എക്കൌണ്ടിൽ വന്നിട്ടില്ല എന്നും അവർക്ക് ആ തുകയെകുറിച്ച് യാതൊരു അറിവും ഇല്ല എന്നും അവരുടെ എക്കൌണ്ട് സ്റ്റേറ്റ്മെന്റ് സഹിതം വ്യക്തമാക്കിയിട്ടുണ്ട്.

കേരള ഗ്രാമീണ ബേങ്ക് പെരുമണ്ണ ശാഖാ മാനേജരുടെ 25.11.21ലെ10/BK/45/2021/PMNA കത്തിൽ 6545/14.2.20 ചെക്ക് പ്രകാരമുള്ള25000/-രൂപയും 6934/17.3.20 ചെക്ക് പ്രകാരമുള്ള 50000/-രൂപയും ഐ.സി.ഡി.എസ്

സൂപ്പർവൈസർ നസ്രീന ക്യാഷായി പിൻവലിച്ചതായി അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ രേഖകളും മറുപടികളും പരിശോധിച്ചതിലും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ നേരിൽ കേട്ടതിൽ നിന്നും എക്സിറ്റ് മീറ്റിംഗിലെ ചർച്ചയിൽ നിന്നും ഐ.സി.ഡി.എസ് .സൂപ്പർവൈസർ കൃത്രിമ രേഖകൾ ചമച്ച് അങ്കണവാടി കലോൽസവത്തിന്റെ ബില്ലിൽ ചെലവായി കാണിച്ച 75000/- രൂപ പിൻവലിച്ചതായി വിലയിരുത്തുന്നു.ആയതിനാൽ പ്രസ്തുത തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഭിന്നശേഷി കലോൽസവത്തിനായി ചെലവഴിച്ച തുക മേൽ കാണിച്ച അപാകതകളുടെ അടിസ്ഥാനത്തിൽ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 600000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | |
| | 2019-20 | 88634 | പാലിന് സബ്സിഡി | 88634 | |
| | 2019-20 | 30000 | നെല്ല് കൃഷിക്ക് കൂലിചെലവ് | 30000 | |
| | 2019-20 | 350000 | ലൈഫ് ഭവന പദ്ധതി ജനറൽ 140/19-20 | 350000 | |
| | 2019-20 | 190038 | ലൈഫ് ഭവന പദ്ധതി ജനറൽ 141/19-20 | 190038 | |
| ആകെ | | 1068634 | | 1068634 | |
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 700000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 | |
| | 2019-20 | 200000 | പാലിന് സബ്സിഡി | 200000 | |
| | 2019-20 | 25000 | നെല്ല് കൃഷി കൂലിചെലവ് | 25000 | |
| | 2019-20 | | അത്തുളി താഴം അങ്കണവാടിക്ക് സ്ഥലമെടുപ്പ് | 0 | 300000 |
| | 2019-20 | 750000 | ലൈഫ് ഭവന പദ്ധതി ജനറൽ 140/19-20 | 750000 | |
| | 2019-20 | | ലൈഫ് ഭവന പദ്ധതി ജനറൽ ഭവനങ്ങളുടെ പൂർത്തികരണം | 110000 | |
| | 2019-20 | 720000 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണ പൂർത്തികരണം | 505552 | 214448 |
| | | 100000 | അഗതി ആശ്രയ | | |
| ആകെ | | 2495000 | | 2290552 | 514448 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവിളക്ക് ലൈൻഎക്സ്റ്റൻഷൻ പദ്ധതി | 209/25/02/19 | 65920 | 65920 | 0 |
| ഭൂജല വകുപ്പ് | തയ്യിൽ താഴം കുഴൽ കിണർ നിർമ്മാണം | 106/22/11/2019 | 40580 | 40580 | 0 |
| ഭൂജല വകുപ്പ് | സങ്കേതം കുഴൽ കിണർ നിർമ്മാണം | 198/31/01/2020 | 144500 | 144500 | |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 26,50,000/-രൂപ വരവുണ്ട്. മുൻബാക്കി 5433728/-രൂപയടക്കം 8083728/-രൂപയിൽ 691176/-രൂപ തിരിച്ചടവാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018-19 | സ.ഉ 68/18 തീ. 18/05/2018 | 2650000 | 5433728 | 691176 | | 7392552 |

**4-6 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |

| |
|---|
| ആകെ |
| തന്നാണ്ടിൽ പിൻവലിച്ച തുക |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| വരവില്ല | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-6 | 2005-06 | 2.70.1.5.3 | നിക്ഷേപ വേലകൾ | |
| 2002-03 | 3-12 | 2005-06 | 2.70.1.8.4 | കുടിവെള്ള പദ്ധതി | |
| 2003-04 | 3-3 | 2006-07 | 3.79.6.4 | മണൽ വില്പന | |
| 2003-04 | 3-4 | 2006-07 | 3.79.10.3 | കുടിവെള്ള പദ്ധതികൾ | |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം | |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതു മരാമത്ത് പണികൾ | |
| 2014-15 | 2-3 | 2016-17 | 4.2.8 അനുബന്ധം 4 | തൊഴിൽ നികുതി | |
| 2015-16 | 2-6 | 2016-17 | അനുബന്ധം 5 | | |
| | | 2014-15 | 4.2.8 | റിവർ മാനേജ്മെന്റ് ഫണ്ട് | |
| | | 2014-15 | 4.2.5 | മണൽ വില്പന | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| | | ഇല്ല | | | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102460098 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94425105 |
| വരവിനങ്ങളിലുള്ള നഷ്ടം | 10190/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2219500/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9705 | | സെക്രട്ടറി, സാദിക് മഹ്ദൂം |
| 3-1 | | 75000 | നസ്രീന ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 144500 | ശ്രീ.ബിനു.ടി,അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 2000000 | ശ്രീ.ബിനു.ടി ,അസിസ്റ്റന്റ് സെക്രട്ടറി |
| | 2144500 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 2-1 | 1941 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

| ഖണ്ഡിക നമ്പർ | - |
|---|---|

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| സാദിക് മഹ്ദൂം സെക്രട്ടറി | വിരമിച്ചു. | കുറ്റിപ്പുറത്ത് കണ്ടിയിൽ<br>മുണ്ടിക്കൽതാഴം കോട്ടാംപറമ്പ്<br>673008 |
| നസ്രീന,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | സെക്രട്ടറി<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത് | ഉള്ളാട്ടിൽ പറമ്പ്<br>കുറ്റിയിൽ താഴം,<br>പൊക്കുന്ന് പി.ഒ<br>673007 |
| ശ്രീ.ബിനു.ടി<br>അസിസ്റ്റന്റ് സെക്രട്ടറി | മാവൂര്<br>പെരുമണ്ണ ഗ്രാമപഞ്ചായത്ത് | സുജാത ഭവൻ ,അയത്തിൽ പി.ഒ<br>കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(1)/24/2/2021 | 1 | 3-3 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/840/18/15/5/2018 | 1 | 2-1,3-3, 3-6, 3-4 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(3)/25/2/2021 | 1 | 3-14 എ |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(4)/25/2/2021 | 3 | 2-8,3-5,3-8 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(5)/25/2/2021 | 2 | 2-4,3-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(6)/25/2/2021 | 10 | 3-1,3-2(1), 3-2(2) 3-5,3-7,3-9,3-11, 3-12, 3-15, 3-17 |
| 2010-11, 11-12 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(7)/27/3/2021 | 1 | 3-2 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(8)/27/3/2021 | 7 | 2-1(ബി), സി, 3-1, 3-2, 3-3, 3-10 , 4-1(1) ,4-1(2) |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(9)/24/3/2021 | 12 | 2-2(2), 2-3, 2-4, 3-2(1), 3-2 (2), 3-2(3),3-4(1) മുതൽ 3-4(4) വരെ, 3-4(8) 3-4(10),3-7,3-8,3-11,3-12 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(10)/27/3/2021 | 7 | 2-6,2-8,3-3,3-5, 3-8,3-11(2), 3-13 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(11) /27/3/2021 | 27 | 2-1,2-2,2-3(2),2-3(3),2-3(4),,2-4(1), 2-4(2),2-4(3), 2-5(1), 2-5(3), 2-5(4),2-6,2-7,2-8, 3-1,3-3,3-4,3-5(1),3-7,3-8-12, 3-15,3-17(2),3-17(3) |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി1/316/2021(12)/ 12/12/2021 | 12 | 1-12, 2-1(2,3), 2-2(1,2,3,6) 2-3, 2-4, 3-2,3-3,3-5, 3-7(1,2,3)3-8,3-10, 3-11,3-12,3-16, 4-1, 4-2, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി1/875/2020/ 21/10/2020 | 20 | 1-12,1-13,1-14,1-15,1-17,1-18, 1-19,1-20,1-22,1-23,1-24(A,B,C), 1-25,1-26,1-27,1-29,1-30,1-31, 1-32,1-33, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്